# പതിനാലാം കേരള നിയമസഭ

## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2164** **05.05.2017-ൽ മറുപടിയ്ക്ക്**

**രാമന്തളി-പാണ്ഡ്യാലക്കടവ് ഹാർബർ**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ രാമന്തളി-പാണ്ഡ്യാലക്കടവിൽ ഹാർബർ വകുപ്പ് മുഖേന നബാർഡ് സഹായത്തോടെയുള്ള പാലം നിർമ്മാണനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) നേരത്തെ ഭരണാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് എപ്പോൾ അംഗീകാരം നൽകാൻ കഴിയുമെന്ന് പ്രഖ്യാപിക്കാമോ? | എ) യും ബി) യും<br>കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണ ത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF-XVI ൽ ഉൾപ്പെടുത്തി നൽകിയിരുന്നു. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചെങ്കിലും ജനപ്രതിനിധികൾ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ നടപ്പാലത്തിനു പകരം ഒരു സിംഗിൾ ലെയിൻ ബ്രിഡ്ജ് ആണ് ആവശ്യമെന്ന് അറിയിക്കുകയുമുണ്ടായി. അപ്രകാരം സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് RIDF XIX, XX, XXI- എന്നിവയിൽ ഉൾപ്പെടുത്തി നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല. അംഗീകാരം കിട്ടുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**